ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.06.2025**

## പ്രധാനവാർത്തകൾ

1) 11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ആന്ധ്രാപ്രദേശിൽ യോഗാഭ്യാസ പരിപാടികൾക്ക് നേതൃത്വം നൽകും. സംസ്ഥാനത്തും നാളെ വിപുലമായ പരിപാടികൾ.

2) മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി നിയമ ഭേദഗതി ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് വനം മന്ത്രി എ.കെ ശശീന്ദ്രൻ, കേന്ദ്ര വനം മന്ത്രിക്ക് വീണ്ടും കത്തയച്ചു.

3) ഗവർണറുടെ അധികാരവും കടമയും എന്തൊക്കെയെന്ന് പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി

4) സംസ്ഥാനത്ത് റേഷൻ മണ്ണെണ്ണ വിതരണം നാളെ ആരംഭിക്കും.

5) ലീഡ്സിൽ നടക്കുന്ന ഇന്ത്യ- ഇംഗ്ളണ്ട് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ഇന്നിങ്സിൽ ഇന്ത്യയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു.

******************

RNUTVPM

## പ്രധാനമന്ത്രി യോഗ

11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ആന്ധ്രാപ്രദേശിൽ യോഗാഭ്യാസ പരിപാടികൾക്ക് നേതൃത്വം നൽകും. വിശാഖപട്ടണത്ത് അഞ്ച് ലക്ഷത്തോളം പേർ പ്രധാനമന്ത്രിയ്ക്കൊപ്പം യോഗയിൽ പങ്കുചേരും. ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ നാളെ രാവിലെ 6:30 മുതൽ 7:40 വരെ രാജ്യത്തുടനീളം ഒരു ലക്ഷത്തിലേറെ യോഗ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന യോഗ ദിനാഘോഷത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യനും, കൊച്ചിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും.

RNU TVPM

******************

## യോഗ ദിനം - രാജ്ഭവൻ

സംസ്ഥാനത്തും യോഗ ദിനത്തോടനുബന്ധിച്ച് നാളെ വിപുലമായ പരിപാടികൾ നടക്കും. രാജ്ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നാളെ ഉദ്ഘാടനം ചെയ്യും. മേരാ യുവ ഭാരത് വോളന്റീയർമാരും, രാജ്ഭവൻ ജീവനക്കാരും പരിപാടിയിൽ പങ്കെടുക്കും.

******************

## യോഗ സംസ്ഥാനം-വീണാ ജോർജ്

സമ്പൂർണ യോഗ സംസ്ഥാനം എന്ന പദവിയിലേക്ക് ഘട്ടം ഘട്ടമായി കേരളത്തെ എത്തിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്. ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിന് യോഗ ഏറ്റവും നല്ല ഉപാധിയാണെന്നും മന്ത്രി

പറഞ്ഞു.  ആയുഷ് വകുപ്പിന്റെ കീഴിൽ  780-ൽ പരം യോഗ ക്രേന്ദ്രങ്ങളും, 10,000-ലധികം ആയുഷ് യോഗ ക്ലബ്ബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും മന്ത്രി വ്യക്തമാക്കി.

******************

**യോഗ ദിനം - ഡോക്ടർ ഇൻട്രോ**

യോഗ ജീവിതചര്യയുടെ ഭാഗമാക്കുന്നത് രോഗമുക്തിക്ക് പുറമേ, രോഗങ്ങൾ വരാതിരിക്കാനും ഏറെ ഗുണകരമാണെന്ന് NHM തിരുവനന്തപുരം വിളപ്പിൽശാല ആയുഷ് ആയുർവേദ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ. സ്മിത എസ്സ് ശിവൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.
(വോയിസ്)

******************

**യോഗ - മറ്റ് പരിപാടികൾ**

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് വിവിധ സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികളാണ് നടക്കുന്നത്.  കേരള സർവകലാശാല സംഘടിപ്പിക്കുന്ന പരിപാടി മന്ത്രി ജി ആർ അനിൽ നാളെ തിരുവനന്തപുരം  ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ  പാലക്കാട് ഷൊർണൂരും, തൃശൂർ കേച്ചേരിയിലും, വയനാട് മാനന്തവാടിയിലും യോഗദിന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. യോഗദിനത്തിന് മുന്നോടിയായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഇന്ന് യോഗാഭ്യാസ പരിപാടികൾ  നടന്നു.
വിവിധ വിദേശരാജ്യങ്ങളിലും വിപുലമായ പരിപാടികൾ യോഗ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

******************

RNU TVPM

## എ.കെ.ശശീന്ദ്രൻ

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യണമെന്നും, കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് വനം മന്ത്രി എ.കെ.ശശീന്ദ്രൻ, കേന്ദ്ര വനം -പരിസ്ഥിതി മന്ത്രിയ്ക്ക് വീണ്ടും കത്തയച്ചു.

ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിൽ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അധികാരങ്ങൾക്ക്, നിയമ പരിമിതികളുണ്ടെന്ന് കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം ചൂണ്ടിക്കാണിച്ച സാഹചര്യത്തിലാണ് കത്തയച്ചത്. അപ്രായോഗികമായ ഇത്തരം നിയന്ത്രണങ്ങൾ കാരണം നിർണായക സാഹചര്യങ്ങളിൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്ന് കത്തിൽ പറയുന്നു.

******************

## വി ശിവൻകുട്ടി

ഗവർണറുടെ അധികാരവും കടമയും എന്തൊക്കെയെന്ന് സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഈ വർഷം പത്താംക്ലാസ് സാമൂഹ്യശാസ്ത്രം രണ്ടാം വാല്യത്തിലും, ഹയർസെക്കൻഡറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന വേളയിലും ഈ വിഷയം ഉൾപ്പെടുത്തുമെന്ന് മന്ത്രി വ്യക്തമാക്കി. ജനാധിപത്യത്തിന്റെ മൂല്യങ്ങൾ പഠിക്കേണ്ട യഥാർത്ഥ ഇടങ്ങൾ വിദ്യാലയങ്ങൾ ആണെന്നും മന്ത്രി വ്യക്തമാക്കി.

******************

## ജി ആർ അനിൽ - മണ്ണെണ്ണ (ഇൻട്രോ)

സംസ്ഥാനത്ത് റേഷൻ മണ്ണെണ്ണ വിതരണം നാളെ ആരംഭിക്കുമെന്ന് മന്ത്രി ജി ആർ അനിൽ. AAY റേഷൻ കാർഡ് ഉടമകൾക്ക് ഒരു ലിറ്റർ മണ്ണെണ്ണ വീതം ലഭിക്കുമെന്ന് അദ്ദേഹം

RNUTVPM

തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ അറിയിച്ചു. വൈദ്യുതിയില്ലാത്ത കുടുംബങ്ങൾക്ക് ആറ് ലിറ്റർ മണ്ണെണ്ണ ലഭിക്കും.
(വോയിസ്)

******************

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ഇന്നലെ 75.27 ശതമാനം പോളിങ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻറെ അന്തിമ കണക്കുകൾ. 2021 ലെ പോളിങ്ങ് നിരക്കിൽ നിന്നും നേരിയ വ്യത്യാസം മാത്രമാണ് ഇക്കുറി ഉണ്ടായിട്ടുള്ളത്. വോട്ടെണ്ണൽ തിങ്കളാഴ്ച രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിക്കും .

******************

## കണ്ണൂർ -തെരുവുനായ ശല്യം

കണ്ണൂർ ജില്ലയിലെ തെരുവുനായ ശല്യം അടിയന്തിരമായി പരിഹരിക്കുന്നതിന്, കണ്ണൂർ കോർപറേഷനിൽ രണ്ടും കന്റോൺമെന്റ് പരിധിയിൽ ഒന്നും ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി . രണ്ടു ദിവസത്തിനുള്ളിൽ മൂന്ന് ഷെൽട്ടർ ഹോമുകളും സ്ഥാപിച്ച് നഗരത്തിൽ അലഞ്ഞു തിരിയുന്ന നായ്ക്കളെ പിടികൂടി ഇവിടേക്ക് മാറ്റും. ജില്ലയിലെ തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട് മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ഇന്ന് ചേർന്ന യോഗത്തിലാണ് തീരുമാനം.

PNUTVPM

******************

## കെ.എസ്.ഇ.ബി

കസ്റ്റമർ റിലേഷൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ വെബ് സെൽഫ് സർവീസ് പോർട്ടൽ, കൺസ്യൂമർ മൊബൈൽ ആപ്പ്, ടോൾ ഫ്രീ നമ്പറായ 1912, ഓട്ടോമാറ്റിക് പരാതി രജിസ്ട്രേഷൻ നമ്പറായ 9496001912 എന്നിവയിലൂടെയുള്ള സേവനങ്ങൾ നാളെ

രാത്രി 11 മണി മുതൽ ഞായറാഴ്ച പുലർച്ചെ 2 മണിവരെ ലഭ്യമാവുകയില്ല. സെക്ഷൻ ഓഫീസുകൾ വഴി മാത്രമേ പരാതികൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് കെ.എസ്.ഇ.ബി അറിയിച്ചു.

******************

## പോലീസ് വാഹനം - മുഖ്യമന്ത്രി

പൊലീസ് വകുപ്പിന് വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്തു. തിരുവനന്തപുരം SAP ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ പൊലീസ് സ്റ്റേഷനുകൾക്കും, കൺട്രോൾ റൂമുകൾക്കും, സ്പെഷ്യൽ യൂണിറ്റുകൾക്കുമുള്ള വാഹനങ്ങൾ കൈമാറി.

******************

## നവജാത ശിശു മരണം

പത്തനംതിട്ട മെഴുവേലിയിൽ നവജാത ശിശുവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അമ്മ അറസ്റ്റിൽ. പുറത്തേക്കു വലിച്ചെറിഞ്ഞപ്പോൾ തലയ്ക്ക് ക്ഷതമേറ്റാണ് കുഞ്ഞ് മരിച്ചതെന്നാണ് പോലീസ് വിലയിരുത്തൽ. ചികിത്സയിലായിരുന്ന യുവതിയെ ആശുപത്രി വിട്ട ഉടൻ അറസ്റ്റ് ചെയ്തശേഷം വീട്ടിലെത്തിച്ച് തെളിവെടുപ്പു നടത്തി.

RNU TVPM

******************

## പ്രത്യേക അന്വേഷണ സംഘം

ഇടുക്കി പീരുമേട്ടിൽ ആദിവാസി യുവതി വനത്തിനുള്ളിൽ മരിച്ച സംഭവം വിശദമായി അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചതായി ജില്ലാ പോലീസ് മേധാവി ടി.കെ വിഷ്ണു പ്രദീപ്. എസ്.പിയുടെ നേതൃത്വത്തിലാണ് അന്വേഷണം.

******************

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യയും ഇംഗ്ളണ്ടും തമ്മിൽ ലീഡ്സിൽ നടക്കുന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ

ഇന്ത്യ 2 വിക്കറ്റ് നഷ്ടത്തിൽ 116 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ ഇംഗ്ളണ്ട് ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

******************

## ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,046 പോയിന്റ് ഉയർന്ന് 82,408 ലും, നിഫ്റ്റി 319 പോയിന്റ് നേട്ടത്തിൽ 25,112 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 55 രൂപ കുറഞ്ഞ് 9,210 രൂപയും, പവന് 440 രൂപ കുറഞ്ഞ് 73,680 രൂപയുമാണ് ഇന്നത്തെ വില.

******************

## അഡ്വ പി ജെ ഫ്രാൻസിസ് -സംസ്കാരം

കോൺഗ്രസ് നേതാവും മുൻ എം എൽ എയുമായ പി ജെ ഫ്രാൻസിസിൻറെ സംസ്കാര ചടങ്ങുകൾ ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രലിൽ നടന്നു . ഡിസിസി ഓഫീസിൽ പൊതുദർശനത്തിന് വെച്ച ഭൗതികദേഹത്തിൽ മുതിർന്ന കോൺഗ്രസ് നേതാക്കൾ അന്തിമോപചാരം അർപ്പിച്ചു.

RNU TVPM

******************

******************

******